**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 243** **16-09-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ വി കെ പ്രശാന്ത്,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ ഡി കെ മുരളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ അടിസ്ഥാന സൗകര്യവികസനത്തിനും സൗജന്യ ചികിത്സയിലും വർദ്ധനവുണ്ടാകുന്നതിനാധാരമായ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>മാസ്റ്റർ പ്ലാൻ പദ്ധതിയുടെ ഭാഗമായി റോഡുകൾ, മേൽപ്പാലം, എംഎൽറ്റി ബ്ലോക്ക് നിർമ്മാണം, ഇമേജിയോളജി വിഭാഗത്തിന്റെ ശാക്തീകരണം എന്നീ പ്രവർത്തികൾ പൂർത്തിയാക്കി.<br><br>ദന്തൽ, പാരാമെഡിക്കൽ വിദ്യാർത്ഥികൾക്കായി ക്യാമ്പസിൽ നിർമ്മിച്ച പുതിയ ഹോസ്റ്റൽ പ്രവർത്തന സജ്ജമാക്കി.<br><br>ഹൗസ് സർജന്മാരുടെ ക്വാർട്ടേഴ്സിന്റെ നവീകരണ ജോലികൾ പൂർത്തീകരിച്ചു.<br><br>മെഡിക്കൽ കോളേജിൽ നിന്നും പ്രധാന കവാടം വരെയുള്ള നടപ്പാതയുടെ നിർമ്മാണം പൂർത്തീകരിച്ചു.<br><br>ഫാർമസി കോളേജിന്റെ പരീക്ഷാ ഹാൾ നിർമ്മാണം പൂർത്തീകരിച്ചു.<br><br>റേഡിയോതെറാപ്പി വിഭാഗത്തിന്റെ നവീകരണം, അക്കാഡമിക് ബ്ലോക്കിന്റെ നവീകരണം, ആൺകുട്ടികളുടെ പാർപ്പിട സമുച്ചയം 4 നവീകരണം എന്നിവ പൂർത്തീകരിച്ചു.<br><br>എസ് എ റ്റി ആശുപത്രിയിലെ പീഡിയാട്രിക് ഡയാലിസിസ് യൂണിറ്റ് നിർമ്മാണം പൂർത്തീകരിച്ചു.<br><br>എസ് എ റ്റി ആശുപത്രിയിൽ IVF തിയേറ്ററിന്റെ നവീകരണം പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| | | | എസ് എ റ്റി ആശുപത്രിയിലെ അമ്മയും കുഞ്ഞും ബ്ലോക്കിന്റെ മുകളിലത്തെ 2 നിലകളുടെ നിർമ്മാണം നടന്നു വരുന്നു.<br><br>Isolation ബ്ലോക്കിന്റെ നിർമ്മാണത്തിനുള്ള നടപടികൾ എന്നിവ പൂർത്തീകരിച്ചു |
| (ബി) | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട മാസ്റ്റർപ്ലാനിലെ എന്തെല്ലാം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പ്രവർത്തനം പുരോഗമിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അറിയിക്കാമോ; | (ബി) | തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട് പൂർത്തിയായ പ്രവർത്തികൾ ചുവടെപ്പറയുന്നു.<br><br>മേൽപ്പാലം, റോഡുകൾ എന്നിവയുടെ നിർമ്മാണം ഉൾപ്പെടെയുള്ള External Infra Structure പ്രവർത്തി പൂർത്തീകരിച്ചു.<br><br>എം എൽ റ്റി ബ്ലോക്ക് നിർമ്മാണം പൂർത്തീകരിച്ചു.<br><br>ഇമാജിയോളജി വിഭാഗത്തിന്റെ ശാക്തീകരണം – പ്രവർത്തി പൂർത്തീകരിച്ചു.<br><br><u>നടപ്പിലാക്കി വരുന്ന പദ്ധതികൾ</u><br><br>ഒ.റ്റി ബ്ലോക്കിന്റെ നിർമ്മാണം<br><br>എസ്.എ.റ്റി പീഡിയാട്രിക് ബ്ലോക്കിന്റെ നിർമ്മാണം.<br><br>മൾട്ടി ലെവൽ കാർ പാർക്കിംഗ് സംവിധാനത്തിന്റെ നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ.<br><br>റസിഡൻഷ്യൽ ഫെസിലിറ്റീസ് നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ.<br><br>ഹൈ ഡോസ് തെറാപ്പി വാർഡ് സജ്ജീകരണം.<br><br>ഹെറിറ്റേജ് ബ്ലോക്കിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കൽ.<br><br>സിസിറ്റിവി ക്യാമറ സംവിധാനം സജ്ജീകരിക്കൽ |
| (സി) | 2021 മുതൽ 2025 വരെ എത്ര കോടി രൂപയുടെ സൗജന്യ ചികിത്സ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും അതുവഴി എത്ര രോഗികൾക്ക് ആശ്വാസം നൽകാൻ കഴിഞ്ഞുവെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ; | (സി) | 2021 മുതൽ 2025 വരെ 341,30,26,468/- രൂപയുടെ സൗജന്യ ചികിത്സ നൽകാൻ കഴിഞ്ഞിട്ടുണ്ട്. അതുവഴി 1,73,658 രോഗികൾക്ക് ആശ്വാസം നൽകാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കാലയളവിൽ കാരുണ്യ സുരക്ഷാ പദ്ധതിയിലൂടെയും കാരുണ്യ ബനവലന്റ് ഫണ്ട് വഴിയും ആരോഗ്യ കിരണം പദ്ധതിയിലൂടെയും എത്ര രോഗികൾക്ക് ചികിത്സ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും അതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമെങ്കിൽ അറിയിക്കാമോ? | (ഡി) | കാരുണ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി, ആരോഗ്യ കിരണം എന്നീ പദ്ധതികളിലായി 2021 മുതൽ 2025 വരെ ചികിത്സ നൽകാൻ കഴിഞ്ഞിട്ടുള്ള രോഗികളുടെ എണ്ണം ചെലവായ തുക ചുവടെ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ